**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **13-09-2023 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. ജെ. വിനോദ്</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് ശമ്പള സ്കെയിൽ സഹിതം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ എപ്രകാരമാണ് സ്ഥിരപ്പെടുത്തിയതെന്ന് അറിയിക്കാമോ;</td><td>(എ)</td><td>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിലവിൽ 9 സ്ഥിരം ജീവനക്കാരാണ് ഉള്ളത്.<br><br>
<table>
<tr><th>ക്രമ നം.</th><th>തസ്തിക</th><th>എണ്ണം</th><th>ശമ്പള സ്കെയിൽ (pre-revised-10th PRC )</th></tr>
<tr><td>1</td><td>അസിസ്റ്റന്റ്</td><td>7</td><td>26500-56700</td></tr>
<tr><td>2</td><td>കാഷ്യർ</td><td>1</td><td>26500-56700</td></tr>
<tr><td>3</td><td>ക്വാളിറ്റി അസിസ്റ്റന്റ് (നഴ്സിംഗ്) - കെംപ്</td><td>1</td><td>27800-59400</td></tr>
</table>
<br>മേൽ പട്ടികയിലെ അസിസ്റ്റന്റ്, കാഷ്യർ സ്ഥിരം തസ്തികകളിലെ നിയമനത്തിനായി കോർപ്പറേഷൻ **11/03/2010** - ലെ വിജ്ഞാപനം നം. **2115/2010/Admn/KMSCL** പ്രകാരം, അപേക്ഷ ക്ഷണിക്കുകയും, തുടർന്ന് എഴുത്ത് പരീക്ഷയും, പ്രായോഗിക പരീക്ഷയും, അഭിമുഖവും നടത്തി, റാങ്ക് ലിസ്റ്റ് തയ്യാറാക്കി, **KS&SSR-** ലെ **14** മുതൽ **17** വരെയുള്ള ചട്ടങ്ങൾ അനുശാസിക്കും പ്രകാരം, സംവരണ തത്ത്വങ്ങൾ പാലിച്ചാണ് സ്ഥിരനിയമനം നടത്തിയിട്ടുള്ളത്.<br><br>**26/10/2019** -ലെ സർക്കാർ ഉത്തരവ് (കൈ.)നം. **162/19/H&FWD** പ്രകാരം ക്വാളിറ്റി അസിസ്റ്റൻറ് (നഴ്സിംഗ്) - കെംപ് എന്ന തസ്തിക സൃഷ്ടിക്കുകയും **05.09.2018 -** ൽ ചമ്പക്കുളത്ത് വച്ച് **108** ആംബുലൻസിന് തീപ്പിടുത്തം ഉണ്ടായ അവസരത്തിൽ തന്റെ ജീവൻപോലും പണയംവച്ച് നൽകിയ സേവനം പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ ശ്രീ. സെയ്ഫുദ്ദീൻ എസ് - ന് ടി തസ്തികയിൽ നിയമനം നൽകുകയും ചെയ്തു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ജീവനക്കാർക്ക് സർക്കാർ സർവീസിലെ എൽ.ഡി.ക്ലാർക്കിന്റെ ശമ്പള സ്കെയിൽ അനുവദിക്കാനാണ് നിർദേശിച്ചിരുന്നതെങ്കിലും</td><td>(ബി)</td><td>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരായ അസിസ്റ്റൻറ്/കാഷ്യർ തസ്തികയിലുള്ളവർക്ക് നിലവിൽ നല്കി വരുന്നത് **26500 –**</td></tr>
</table>

| | | | |
|---|---|---|---|
| | സെക്രട്ടറിയേറ്റ് അസ്സിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; അതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | | **56700** എന്ന പത്താം ശമ്പള കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ശമ്പള സ്കെയിലാണ്. ആയത് സെക്രട്ടേറിയേറ്റ് അസിസ്റ്റൻറിന്റെ സ്കെയിലല്ല. പത്താം ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പിലാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റ് അസിസ്റ്റൻറിന്റെ ശമ്പള സ്കെയിൽ **27800-59400** ആണ്. കോർപ്പറേഷനിലെ ക്വാളിറ്റി അസിസ്റ്റൻറ് (നഴ്സിംഗ്) - കെംപ് തസ്തികയ്ക്ക് മാത്രമാണ് **26/10/2019** - ലെ സർക്കാർ ഉത്തരവ്(കൈ.)നം.**162/19/H&FWD** പ്രകാരം പ്രസ്തുത സ്കെയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. |
| (സി) | സർക്കാർ ഉത്തരവ് (അച്ചടി) 448/2017 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ സൃഷ്ടിച്ച അസിസ്റ്റന്റ് (7), കാഷ്യർ (1) തസ്തികകളിലേക്ക് കിറ്റ്കോ വഴി നിയമനം നടത്താൻ 6.3.2010-ൽ സർക്കാർ തലത്തിൽ നിന്നും മാനേജിങ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നെങ്കിലും അതിന് വിരുദ്ധമായി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്ന ഏജൻസി വഴി നിയമനം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്യുന്നതിനായി കിറ്റ്കോയുമായി ബന്ധപ്പെട്ടുവെങ്കിലും അനുകൂല മറുപടി ലഭിച്ചില്ല. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന് കീഴിലുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും മരുന്നുകളും ഉപകരണങ്ങളും വിതരണം ചെയ്യുന്ന കോർപ്പറേഷന് ആരംഭകാലഘട്ടത്തിൽ ഡെപ്യൂട്ടേഷൻ/ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് ജീവനക്കാരുണ്ടായിരുന്നത്. മുഖ്യകാര്യാലയത്തിൽ **46** ജീവനക്കാരും **14** ജില്ലകളിലുമുള്ള മരുന്നു സംഭരണശാലകളിലുമായി **84** ജീവനക്കാരും മാത്രമായിരുന്നു ഉണ്ടായിരുന്നത്. മാനവ വിഭവശേഷി തികച്ചും അപര്യാപ്തമായിരുന്നതിനാലും കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാരുടെ സേവനം അനിവാര്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലുമാണ്, അസിസ്റ്റന്റ്/ കാഷ്യർ തസ്തികകൾക്കായി മറ്റൊരു സർക്കാർ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ മുഖാന്തിരം റിക്രൂട്ട്മെന്റ് പ്രക്രിയ നടത്തിയത്. |
| (ഡി) | 15.06.2015-ലെ 60874/ജെ1/2015/ആ.കു.വ. നമ്പർ കത്തിലെ നിർദേശത്തിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ഡി) | **15.06.2015** -ലെ **60874**/ജെ**1/2015**/ആ.കു.വ. നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ **7** അസിസ്റ്റൻറുമാരുടെയും ഒരു കാഷ്യറുടെയും നിയമനം റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയവും, ശ്രീ. പി. രാജുകുമാർ സമർപ്പിച്ച പരാതിയെ സംബന്ധിച്ച വിഷയവും **24/08/2015** -ൽ ചേർന്ന നാല്പത്തിമൂന്നാമത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ അജണ്ടയായി വയ്ക്കുകയും, തുടർന്ന് ഡയറക്ടർ ബോർഡ് ചുവടെ ചേർത്ത പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.<br><br>**1)** കോർപ്പറേഷനിലെ **8** സ്ഥിരം ജീവനക്കാരുടെയും പെർഫോർമൻസ് അപ്രൈസൽ നടത്തുന്നതിനും യോഗ്യരായ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ അടിയന്തിരമായി ഡിക്ലെയർ ചെയ്യുവാനും മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | **2)** ശ്രീ. പി. രാജ്കുമാർ അദ്ദേഹത്തിന്റെ പരാതിയിൽ ആരോപിക്കുന്നതു പോലെ ടി ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയിൽ നടപടിക്രമങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ല എന്ന് സർക്കാരിനെ അറിയിക്കുവാനും നിർദ്ദേശിച്ചു.<br><br>തുടർന്ന്, അസിസ്റ്റൻറ്/കാഷ്യർ തസ്തികയിൽ നിയമിതരായവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും, മാനേജിംഗ് ഡയറക്ടർ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലെയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>വിജിലൻസ് വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത ജീവനക്കാരുടെ ശമ്പളസ്കെയിൽ നിശ്ചയിച്ച് നൽകുകയും ജീവനക്കാരുടെ സർവ്വീസ് ബുക്ക് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഇ) | പ്രസ്തുത ജീവനക്കാരുടെ നിയമനം ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | (ഇ) | **15.06.2015** -ലെ **60874**/ജെ**1/2015**/ആ.കു.വ. നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ **7** അസിസ്റ്റൻറുമാരുടെയും ഒരു കാഷ്യറുടെയും നിയമനം റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയവും, ശ്രീ. പി. രാജുകുമാർ സമർപ്പിച്ച പരാതിയെ സംബന്ധിച്ച വിഷയവും **24/08/2015** -ൽ ചേർന്ന നാല്പത്തിമൂന്നാമത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ അജണ്ടയായി വയ്ക്കുകയും, തുടർന്ന് ഡയറക്ടർ ബോർഡ് ചുവടെ ചേർത്ത പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.<br><br>**1)** കോർപ്പറേഷനിലെ **8** സ്ഥിരം ജീവനക്കാരുടെയും പെർഫോർമൻസ് അപ്രൈസൽ നടത്തുന്നതിനും യോഗ്യരായ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ അടിയന്തിരമായി ഡിക്ലെയർ ചെയ്യുവാനും മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തി.<br><br>**2)** ശ്രീ. പി. രാജ്കുമാർ അദ്ദേഹത്തിന്റെ പരാതിയിൽ ആരോപിക്കുന്നതു പോലെ ടി ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയിൽ നടപടിക്രമങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ല എന്ന് സർക്കാരിനെ അറിയിക്കുവാനും നിർദ്ദേശിച്ചു.<br><br>തുടർന്ന്, അസിസ്റ്റൻറ്/ കാഷ്യർ തസ്തികയിൽ നിയമിതരായവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും, മാനേജിംഗ് ഡയറക്ടർ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലെയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>വിജിലൻസ് വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത ജീവനക്കാരുടെ ശമ്പളസ്കെയിൽ നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | | | നൽകുകയും ജീവനക്കാരുടെ സർവ്വീസ് ബുക്ക് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ